**ഭരണഭാഷ - മാതൃഭാഷ**

NO TO DRUGS

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - **jdacad@gmail.com**
ഫോൺ : **0471-2580738**

**നമ്പർ : HSE/27528/2025-ACD SPL4** **തീയതി : 12-11-2025**

**സർക്കുലർ**

വിഷയം : പൊ.വി.വ. - ഹ.സെ.വി. - എനർജി ക്ലബ് കേരള പ്രോഗ്രാം **2025-26** - സംബന്ധിച്ച്

സൂചന : സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്പ്മെന്റിലെ അസോസിയേറ്റ് പ്രൊഫസരുടെ **16.10.2025** തീയതിയിലെ **CMD/GEN/RKB/2672/2025** നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സർക്കാരിന്റെയും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെയും സഹകരണത്തോടെ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) എൽ.പി മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്കൂളുകളിൽ ഊർജസംരക്ഷണ അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ സ്കൂളുകളിൽ രൂപവത്കരിച്ചിട്ടുള്ള എനർജി ക്ലബ്ബുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ്. കുട്ടികളിൽ ഊർജ്ജസംരക്ഷണം ദിനചര്യയുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കന്ററി വിഭാഗങ്ങൾക്കായി ഉപന്യാസ രചന മത്സരങ്ങളും ബോധവത്കരണ ക്ലാസ്സുകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതാണ്. ഹയർ സെക്കന്ററി തലത്തിൽ ശാസ്ത്രക്ലബിന്റെ ചുമതലയുള്ള അധ്യാപകരെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന്

ചുമതലപ്പെടുത്താവുന്നതാണ്. സയൻസ് വിഷയ കോമ്പിനേഷൻ ഇല്ലാത്ത സ്കൂളുകളിൽ മറ്റ് വിഷയങ്ങളിലെ അദ്ധ്യാപകർക്ക് ഉചിതമായ രീതിയിൽ പ്രിൻസിപ്പൽമാർ ചുമതലകൾ നൽകേണ്ടതാണ്. എല്ലാ സ്കൂളുകളും **https://emcpms.kerala.gov.in** എന്ന വെബ് പോർട്ടൽ മുഖാന്തരം പ്രസ്തുത പരിപാടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇ.എം.സി. പരിപാടിയുടെ പ്രോസ്പെക്ടസ് വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്നതാണ്.

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അധ്യയനത്തിനു തടസ്സം വരാത്ത രീതിയിൽ ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ആയതിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുവാൻ സ്കൂളുകളിൽ ഒരു ടീച്ചറുടെ സേവനം ഉറപ്പാക്കുകയും സ്കൂളുകൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കേണ്ടതുമാണ്.

Signed by
Shajitha S
Date: 12-11-2025 13:08:27

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**<u>പകർപ്പ് :</u>**

1. എല്ലാ ആർ.ഡി.ഡി ഓഫീസിനും
2. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും.